## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 3800** **19-02-2013-ൽ മറുപടിയ്ക്ക്**

## വാഹനാപകടങ്ങൾ തടയുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി. ദിവാകരൻ** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| (എ) കേരളത്തിൽ വാഹനാപകടങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹന ഗതാഗതം കൂടുതലുള്ള സമയങ്ങളിൽ തിരക്ക് നിയന്ത്രിക്കുന്നതിന് കൂടുതൽ പോലീസുദ്യോഗസ്ഥരെയും ഹോംഗാർഡുകളെയും നിയമിച്ചു വരുന്നു. ട്രാഫിക് നിയമങ്ങൾ പാലിക്കുന്നതിനെ സംബന്ധിച്ച് പൊതുജനങ്ങൾക്കും ഡ്രൈവർമാർക്കും സ്കൂൾ കുട്ടികൾക്കും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വാഹന പരിശോധനയ്ക്കായി ഹൈവേ പട്രോൾ, മൊബൈൽ പട്രോൾ എന്നിവയുടെ സേവനം ഉപയോഗപ്പെടുത്തി നിയമ ലംഘന |

ങ്ങൾ തടഞ്ഞുവരുന്നു. മദ്യപിച്ച് വാഹനമോടിക്കുന്നവരുടെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതിനായി ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് റിപ്പോർട്ട് അയച്ചും, റോഡപകടങ്ങൾ കുറയ്ക്കുന്നതിനു വേണ്ടി സ്പീഡ് റഡാർ, ബ്രീത്ത് അനലൈസർ, ആൽക്കോമീറ്റർ എന്നിവ ഉപയോഗിച്ചും, റിഫ്ളക്ടർ സൈൻ ബോർഡുകൾ വച്ചും, ലൈനുകൾ വരച്ചും, സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചും, ഓവർ സ്പീഡ് നിയന്ത്രിക്കുന്നതിനായി ക്യാമറകൾ സ്ഥാപിച്ചും, ട്രാഫിക് നിയമ ലംഘനം നടത്തുന്നവരുടെ പേരിൽ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (ബി) അപകടത്തിൽപ്പെടുന്ന വാഹനങ്ങൾ മാസങ്ങളോളം റോഡ് സൈഡിൽ, പ്രത്യേകിച്ച് പോലീസ് സ്റ്റേഷനുകളുടെ മുന്നിൽ പാർക്ക് ചെയ്തിരിക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി അടിയന്തിരമായി സ്വീകരിക്കുന്ന നടപടി എന്താണെന്ന് അറിയിക്കുമോ ? | (ബി) അപകടത്തിൽപ്പെടുന്ന വാഹനങ്ങൾ പരമാവധി മാർഗ്ഗ തടസ്സം കൂടാതെയാണ് പാർക്ക് ചെയ്തു വരുന്നത്. കേസുകളുടെ നടപടി ക്രമങ്ങൾ പൂർത്തിയായാലുടൻ വാഹനങ്ങൾ മൂന്നാം സ്ഥാന കച്ചീട്ടിന്മേൽ നിയമാനുസരണം ഉടമസ്ഥർക്ക് വിട്ടുനൽകാറുണ്ട്. മറ്റ് തരത്തിൽ വാഹനങ്ങൾ ദീർഘകാലം സ്റ്റേഷൻ പരിസരത്ത് സൂക്ഷിക്കേണ്ടി വരുന്ന സാഹചര്യത്തിൽ കോടതിക്ക് റിപ്പോർട്ട് |

ഹാജരാക്കി തീർപ്പ് കൽപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഉടമസ്ഥരില്ലാത്ത വാഹനങ്ങൾ സർക്കാരിലേക്ക് മുതൽകൂട്ടുന്നതിന് പരസ്യമായി ലേലനടപടികൾ സ്വീകരിച്ചും വരുന്നു.

സെക്ഷൻ ഓഫീസർ